# കേരള നിയമസഭ
## 22.03.2013-ലെ മറുപടിക്ക്

<u>തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി ചെലവ്</u>

1554 ശ്രീ. എളമരം കരീം
,, എം. ചന്ദ്രൻ
,, സി. കൃഷ്ണൻ
,, കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതിച്ചെലവ് സംബന്ധിച്ച വിലയിരുത്തൽ സർക്കാർ നടത്തിയിട്ടുണ്ടോ;

(ബി) വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള വിഹിതം ആകെ പദ്ധതിയുടെ എത്ര ശതമാനം വരുമെന്നറിയിക്കാമോ;

(സി) പദ്ധതിച്ചെലവ് 2012-13 വർഷത്തിലെ ഓരോ മാസവും ആകെ പദ്ധതിയുടെ ശതമാനക്കണക്കിൽ ലഭ്യമാക്കുമോ;

(ഡി) പദ്ധതിച്ചെലവ് വർദ്ധിപ്പിക്കുന്നതിനായി സർക്കാർ ആദ്യം പുറപ്പെടുവിച്ച മാർഗ്ഗരേഖയിൽ വരുത്തിയ മാറ്റങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; ഇങ്ങനെ ചെയ്തിട്ടും പദ്ധതി ച്ചെലവിൽ കുറവ് വരുവാനിടയായ സാഹചര്യമെന്തെന്ന് അറിയിക്കാമോ ?

# കേരള നിയമസഭ
# 22.03.2013–ലെ മറുപടിക്ക്

<u>തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതിച്ചെലവ്</u>

1555 ശ്രീ. എം.എ. ബേബി
ഡോ. കെ.ടി. ജലീൽ
ശ്രീ. പുരുഷൻ കടലുണ്ടി
പ്രൊഫ. സി. രവീന്ദ്രനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ വർഷത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതിച്ചെലവ് സംബന്ധിച്ച് വികേന്ദ്രീകൃത ആസൂത്രണ സംസ്ഥാനതല സമിതി ഏറ്റവും ഒടുവിൽ വിലയിരുത്തൽ നടത്തിയതിന്റെ വിശദാംശങ്ങൾ നൽകാമോ; ഏകോപിച്ചതും സമയബന്ധിതവുമായ പ്രവർത്തനത്തിന് പ്രതിബന്ധമായ ഘടകങ്ങൾ എന്തൊക്കെയായിരുന്നു;

(ബി) പദ്ധതിച്ചെലവ് നിർവ്വഹണത്തിൽ കുറവ് വന്നിട്ടുള്ളതായി സർക്കാർ കരുതുന്നുണ്ടോ; എങ്കിൽ ഇതിനുള്ള കാരണങ്ങളെ സംബന്ധിച്ച് പരിശോധന നടത്തിയതിന്റെ വിശദാംശങ്ങൾ നൽകാമോ;

(സി) പദ്ധതി നിർവ്വഹണത്തിനുള്ള സമയം നീട്ടിക്കൊടുക്കുന്നതിനായുള്ള ആവശ്യങ്ങൾ സർക്കാരിന്റെ പരിഗണനയിലുണ്ടോ; എങ്കിൽ ഇതു സംബന്ധിച്ച തീരുമാനം അറിയിക്കുമോ ?

# കേരള നിയമസഭ
# 22.03.2013–ലെ മറുപടിക്ക്

## പഞ്ചായത്തുകളിലെ 2012–13 കാലയളവിലെ വാർഷിക പദ്ധതി ചെലവ്

1556

ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്തുകളുടെ (ജില്ല/ബ്ലോക്ക്/ഗ്രാമ) 2012 – 2013 ലെ വാർഷിക പദ്ധതി ചെലവ് മാർച്ച് 10 ന് എത്ര ശതമാനം ആയിട്ടുണ്ടെന്നുള്ള വിവരം നൽകുമോ ;

(ബി) ഇതിൽ എസ്.സി./എസ്.ടി. പ്ലാൻ ഫണ്ടിൽ നിന്നും എത്രമാത്രം എക്സ്പെൻഡീച്ചർ ആയിട്ടുണ്ടെന്നുള്ള വിവരം നൽകുമോ ;

(സി) പദ്ധതികൾക്ക് അനുമതി നൽകുന്നതിനായി വിവിധ തലങ്ങളിൽ സമിതികൾ രൂപീകരിച്ച് താഴെത്തട്ടിലേക്ക് നൽകുന്നതിന് നടപടി സ്വീകരിക്കുമോ ; എങ്കിൽ വിശദാംശം നൽകുമോ ?

# കേരള നിയമസഭ
# 22.03.2013-ലെ മറുപടിക്ക്

<u>2012-13 സാമ്പത്തിക വർഷം പഞ്ചായത്തുകൾക്ക് അനുവദിച്ച പദ്ധതി വിഹിതം</u>

1557 ശ്രീ. ഇ. കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2012-13 സാമ്പത്തിക വർഷം പഞ്ചായത്തുകൾക്ക് അനുവദിച്ച പദ്ധതി വിഹിതം എത്രയാണ്;

(ബി) ഈ തുക പൂർണ്ണമായും വിനിയോഗിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) പദ്ധതി വിഹിതത്തിന്റെ പൂർണ്ണ വിനിയോഗം നടത്താത്തതിന്റെ കാരണങ്ങളെക്കുറിച്ച് പരിശോധന നടത്തിയിട്ടുണ്ടോ;

(ഡി) എങ്കിൽ അടുത്ത സാമ്പത്തിക വർഷം പദ്ധതി വിഹിതം പരമാവധി വിനിയോഗിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്?

# കേരള നിയമസഭ
# 22.03.2013-ലെ മറുപടിക്ക്

<u>പ്ലാൻ ഫണ്ടിന്റെ വിനിയോഗവും ഭവനശ്രീ പദ്ധതിയും</u>

1558 ശ്രീ. പുരുഷൻ കടലുണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗ്രാമപഞ്ചായത്തുകൾക്ക് അനുവദിക്കപ്പെട്ട പ്ലാൻ ഫണ്ടിന്റെ വിനിയോഗം സംബന്ധിച്ച് ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ ;

(ബി) ഭവനശ്രീ പദ്ധതി പ്രകാരം സഹകരണ ബാങ്കുകളിൽ നിന്ന് വായ്പയെടുത്ത കുടുംബങ്ങൾക്ക് കടാശ്വാസ ആനുകൂല്യം ലഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഭവനശ്രീ പദ്ധതി പ്രകാരം ദേശസാൽകൃത ബാങ്കുകളിൽ നിന്ന് വായ്പയെടുത്ത എത്ര കുടുംബങ്ങൾക്ക് ഇതു വരെ കടാശ്വാസ ആനുകൂല്യം അനുവദിച്ചിട്ടുണ്ട്; ഇതിനു വേണ്ടി ചെലവഴിച്ച തുകയുടെ വർഷം തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ ?

# കേരള നിയമസഭ
## 22.03.2013–ലെ മറുപടിക്ക്

<u>പഞ്ചായത്തുകളുടെ സ്വയംപര്യാപ്തത</u>

1559 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്വന്തമായി വരുമാനമില്ലാത്ത, ശമ്പളവും, മറ്റ് എസ്റ്റാബ്ലിഷ്മെന്റ് ചെലവുകളും സ്വന്തമായി നിർവ്വഹിക്കുവാൻ കഴിയാത്ത, എത്ര പഞ്ചായത്തുകൾ നിലവിലുണ്ട്; പേരുകൾ വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പഞ്ചായത്തുകൾക്ക് ഗവൺമെന്റ് എന്തെങ്കിലും സഹായം നൽകുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എന്തെല്ലാം;

(സി) പ്രസ്തുത പഞ്ചായത്തുകളെ സ്വയംപര്യാപ്തതയിലേയ്ക്ക് കൊണ്ടുവരുവാൻ എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 22.03.2013-ലെ മറുപടിക്ക്

## ഊർജശ്രീ പദ്ധതി

1560 ശ്രീമതി. പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഊർജശ്രീ പദ്ധതിയിലൂടെ ലക്ഷ്യമിടുന്ന കാര്യങ്ങൾ വിശദമാക്കുമോ;

(ബി) ഊർജശ്രീ പദ്ധതിയിലൂടെ സൃഷ്ടിക്കാൻ സാധിക്കുന്ന തൊഴിൽ അവസരങ്ങൾ സംബന്ധിച്ച് വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 22.03.2013-ലെ മറുപടിക്ക്

<u>പുതിയ പഞ്ചായത്തുകൾ</u>

1561 ശ്രീ. റ്റി. എ. അഹമ്മദ് കബീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതിയ പഞ്ചായത്തുകൾ രൂപീകരിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം പുതിയ പഞ്ചായത്തുകളാണ് രൂപീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
# 22.03.2013–ലെ മറുപടിക്ക്

<u>ഗ്രാമപഞ്ചായത്തുകളുടെ വിഭജനം</u>

1562 ശ്രീ. ജി.എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിലുള്ളതും, വിസ്തൃതി ഏറിയതുമായ ഗ്രാമപഞ്ചായത്തുകൾ വിഭജിച്ച് പുതിയ ഗ്രാമപഞ്ചായത്തുകൾ രൂപീകരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) ഗ്രാമപഞ്ചായത്തുകൾ വിഭജിച്ച് പുതിയവ രൂപീകരിക്കുന്നതിലേയ്ക്കായി സ്വീകരിക്കുന്ന മാനദണ്ഡങ്ങൾ എന്തൊക്കെയാണ്;

(സി) കൊല്ലം ജില്ലയിൽ കല്ലുവാതുക്കൽ ഗ്രാമപഞ്ചായത്ത് വിഭജിച്ച് പുതിയ ഗ്രാമപഞ്ചായത്ത് രൂപീകരിക്കുന്ന കാര്യം പരിഗണിക്കുമോ ?

# കേരള നിയമസഭ
## 22.03.2013-ലെ മറുപടിക്ക്

<u>ത്രിതല പഞ്ചായത്തുകളുടെ സേവനം മെച്ചപ്പെടുത്തൽ</u>

1563

ശ്രീ. റ്റി. യു. കുരുവിള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ത്രിതല പഞ്ചായത്തുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് കൂടുതൽ ജീവനക്കാരെ ഉൾപ്പെടെ എന്തെല്ലാം പുതിയ നടപടികളാണ് സ്വീകരിച്ച് വരുന്നത് എന്ന് വ്യക്തമാക്കുമോ;

(ബി) ത്രിതല പഞ്ചായത്തുകളിലൂടെ ജനങ്ങൾക്ക് വേഗത്തിൽ സേവനങ്ങൾ ലഭ്യമാക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങൾ പുതുതായി ഏർപ്പെടുത്തി എന്ന് വ്യക്തമാക്കുമോ?

**കേരള നിയമസഭ**
**22.03.2013–ലെ മറുപടിക്ക്**

## പ്രവാസി മലയാളികൾക്ക് വോട്ടിംഗ് അവകാശം

1564 ശ്രീ. ലൂഡി ലൂയിസ്
,, എം. പി. വിൻസെന്റ്
,, ഷാഫി പറമ്പിൽ
,, ഹൈബി ഈഡൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പ്രവാസി മലയാളികൾക്ക് തദ്ദേശഭരണ സ്ഥാപനങ്ങളിൽ വോട്ടിംഗ് അവകാശം നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) ഇവർക്ക് ഇന്റർനെറ്റ് വോട്ടിംഗ് സൗകര്യം ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) ഇത് സംബന്ധിച്ച സൗകര്യം ഏർപ്പെടുത്തുന്നതിന് ഏതെല്ലാം ഏജൻസികളുമായി ചർച്ച നടത്തിയിട്ടുണ്ട് ; വിശദമാക്കുമോ ;

(ഡി) അടുത്ത തദ്ദേശഭരണ തെരഞ്ഞെടുപ്പിന് മൂൻപ് ഇതിനുള്ള നിയമനിർമ്മാണ പ്രക്രിയയും മറ്റു കാര്യങ്ങളും പൂർത്തിയാക്കുന്ന കാര്യം പരിഗണിക്കുമോ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

# കേരള നിയമസഭ
# 22.03.2013-ലെ മറുപടിക്ക്

<u>തൊഴിൽ ഉറപ്പ് പദ്ധതി</u>

1565 ശ്രീ. ജി. എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യത്തിന്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ചാത്തന്നൂർ നിയോജക മണ്ഡലത്തിലെ പോളച്ചിറ ഏലായിലെ സമഗ്ര നെൽകൃഷി വികസന പദ്ധതിയുമായി ബന്ധപ്പെട്ട് ചിറക്കര ഗ്രാമപഞ്ചായത്തിൽ നിന്നും തൊഴിൽ ഉറപ്പ് പദ്ധതി പ്രകാരം എത്ര തൊഴിൽദിനങ്ങൾ സൃഷ്ടിക്കപ്പെട്ടിട്ടുണ്ടെന്ന് അറിയിക്കുമോ; ഈ ഇനത്തിൽ എത്ര രൂപാ തൊഴിലാളികൾക്ക് നൽകണമെന്ന് കണക്കാക്കിയിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ ?

# കേരള നിയമസഭ
# 22.03.2013–ലെ മറുപടിക്ക്

## ബാർ ലൈസൻസ്

1566 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ ആകെ എത്ര പഞ്ചായത്തുകൾ 2012–13–ൽ ബാറുകൾ തുടങ്ങുവാൻ ലൈസൻസ് നൽകിയിട്ടുണ്ട്; പഞ്ചായത്തുകൾ ഏതാണെന്നും ബാറുകൾ അനുവദിച്ച സ്ഥലങ്ങൾ ഏതൊക്കെയാണെന്നും വ്യക്തമാക്കാമോ ;

(ബി) പഴയകുന്നുമ്മേൽ പഞ്ചായത്തിലുൾപ്പെടുന്ന കിളിമാനൂരിൽ ബാർ അനുവദിച്ച പഞ്ചായത്തിന്റെ നടപടി ചട്ടവിരുദ്ധമാണെന്ന് കാണിച്ച് പരാതി ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദവിവരം ലഭ്യമാക്കാമോ ;

(സി) സുപ്രീം കോടതി വിധിയുടെ അടിസ്ഥാനത്തിലാണോ പഴയകുന്നുമ്മേലിൽ ഭരണ സമിതി ബാർ ലൈസൻസ് നൽകാൻ തീരുമാനമെടുത്തത്; വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 22.03.2013-ലെ മറുപടിക്ക്

<u>പഞ്ചായത്തുകളിലെ കെട്ടിട നികുതി</u>

1567 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യത്തിന്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പഞ്ചായത്തുകൾ പിരിക്കുന്ന കെട്ടിട നികുതി വർദ്ധിപ്പിക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ വിശദാംശം നൽകുമോ ?

# കേരള നിയമസഭ
# 22.03.2013–ലെ മറുപടിക്ക്

പദ്ധതി നിർവ്വഹണത്തിലെ തടസ്സങ്ങൾ

1568 ശ്രീ. കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഗ്രാപഞ്ചായത്തുകളിൽ അസിസ്റ്റന്റ് എഞ്ചിനീയർമാർ, ഓവർസിയർമാർ തുടങ്ങിയ സാങ്കേതിക ഉദ്യോഗസ്ഥന്മാരുടെ അഭാവം കാരണം സാമ്പത്തിക വർഷം അവസാനിക്കുന്ന ഘട്ടത്തിലും പദ്ധതിപ്രവർത്തനങ്ങൾ ആരംഭിക്കുവാൻ പോലും കഴിയാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എൽ.എസ്.ജി എഞ്ചിനീയറിംഗ് വിഭാഗം ജീവനക്കാരുടെ അഭാവം മുൻകൂട്ടി അറിയുവാൻ കഴിഞ്ഞിട്ടുണ്ടോ;

(സി) എങ്കിൽ, അതിനനുസൃതമായ ബദൽ സംവിധാനങ്ങൾ ആലോചിക്കാൻ കഴിയാത്തതെന്താണെന്ന് പറയാമോ;

(ഡി) സാങ്കേതിക ഉദ്യോഗസ്ഥരുടെ അഭാവം കൊണ്ടുമാത്രം പദ്ധതി നിർവ്വഹണത്തിലെ തടസ്സങ്ങൾ ഒഴിവാക്കി പദ്ധതി തുക നൂറ് ശതമാനവും വിനിയോഗിക്കുവാൻ കഴിയുമെന്ന് ഉറപ്പുവരുത്തുമോ?

# കേരള നിയമസഭ
# 22.03.2013-ലെ മറുപടിക്ക്

## മരണങ്ങളും മരണകാരണങ്ങളും

T 1569 ശ്രീ. ജെയിംസ് മാത്യു

താഴെ കാണുന്ന ചോദ്യത്തിന്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

2011-2012, 2012-2013 എന്നീ വർഷങ്ങളിൽ ആശുപത്രികളിലും അല്ലാതെയും മരണപ്പെട്ടവരുടെ കണക്കുകൾ ജില്ലതിരിച്ച് വെളിപ്പെടുത്തുമോ; ഇതിൽ വാർദ്ധക്യജന്യമായ രോഗങ്ങൾമൂലം മരിച്ചവർ എത്ര; ഓരോ വർഷവും മരിച്ചവരിൽ 60 വയസ്സിനു മുകളിലുള്ളവരും, 18 വയസ്സിനു മുകളിലുള്ളവരും എത്ര വീതമാണ് എന്നറിയിക്കുമോ?

# കേരള നിയമസഭ
## 22.03.2013–ലെ മറുപടിക്ക്

<u>അറവുശാലകൾ നിർമ്മിക്കുന്നതിനായി ചെലവഴിച്ച തുക</u>

1570 ശ്രീ. ഇ. പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നടപ്പു സാമ്പത്തികവർഷത്തിൽ ഗ്രാമപഞ്ചായത്ത് പ്രദേശങ്ങളിൽ അറവുശാലകൾ നിൽമ്മിക്കുന്നതിനായി എത്ര തുക വകയിരുത്തുകയുണ്ടായി;

(ബി) പ്രസ്തുത തുക പഞ്ചായത്തിന്റെ പദ്ധതിവിഹിതമായാണോ ഗവൺമെന്റ് ധനസഹായമായാണോ ഉൾപ്പെടുത്തിയിരിക്കുന്നതെന്നു വ്യക്തമാക്കുമോ;

(സി) ഏതെല്ലാം ഗ്രാമപഞ്ചായത്തുകളിലാണ് നടപ്പുസാമ്പത്തിവർഷം ഈ പദ്ധതിക്ക് ഡി.പി.സി അംഗീകാരം നൽകിയതെന്ന് വ്യക്തമാക്കുമോ;

(ഡി) അറവുശാല നിർമ്മാണത്തിന് എത്ര തുക ചെലവഴിക്കുവാനാണ് അനുമതി നൽകിയിട്ടുള്ളതെന്നു വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 22.03.2013-ലെ മറുപടിക്ക്

<u>പൊതു ശ്മശാനങ്ങൾ</u>

1571 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊതു ശ്മശാനങ്ങൾ ഇല്ലാത്തതിന്റെ ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അംഗീകൃത ശ്മശാനങ്ങളുടെ അഭാവം മൂലം ജനങ്ങൾ അനുഭവിക്കുന്ന പ്രയാസങ്ങൾ എന്തെല്ലാമാണെന്ന് പഠനം നടത്തിയിട്ടുണ്ടോ; അത് സംബന്ധിച്ച പഠന റിപ്പോർട്ടുകൾ ഉണ്ടെങ്കിൽ ആയത് ലഭ്യമാക്കാമോ;

(സി) പഞ്ചായത്തുകൾക്കകത്ത് ശ്മശാനങ്ങൾ ആരംഭിക്കുന്നതിന് എത്ര കോടിരൂപ നീക്കിവെച്ചു; അതിൽ എത്ര കോടി രൂപ ചെലവഴിച്ചു;

(ഡി) ഒറ്റപ്പാലം അസംബ്ളി മണ്ഡലത്തിൽ ഇലക്ട്രിക് ക്രിമറ്റോറിയം ആരംഭിക്കുവാനുള്ള പദ്ധതി നിലവിലുണ്ടോ; പുരോഗതി വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 22.03.2013-ലെ മറുപടിക്ക്

<u>ഗ്രാമപഞ്ചായത്ത് മേഖലയിലെ ശ്മശാന നിർമ്മാണം</u>

1572 ശ്രീ. ഇ. പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2012-2013 സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്ത് പ്രദേശങ്ങളിൽ ശ്മശാനങ്ങൾ നിർമ്മിക്കുന്നതിന് എത്ര തുക വകയിരുത്തുകയുണ്ടായി;

(ബി) പ്രസ്തുത തുക പഞ്ചായത്തുകൾക്ക് പദ്ധതി വിഹിതമായാണോ ഗ്രാന്റായാണോ നൽകുന്നത്;

(സി) നടപ്പു സാമ്പത്തിക വർഷം എതെല്ലാം ഗ്രാമപഞ്ചായത്തുകൾക്ക് പ്രസ്തുത പദ്ധതിക്ക് ഡി.പി.സി അംഗീകാരം ലഭിച്ചിട്ടുണ്ട്;

(ഡി) ഒരു ശ്മശാനം നിർമ്മിക്കുന്നതിന് എത്ര തുക ചെലവഴിയ്ക്കുവാനാണ് അനുമതി നൽകിയിട്ടുളളത്?

# കേരള നിയമസഭ
## 22.03.2013-ലെ മറുപടിക്ക്

<u>പൊന്നാനി മണ്ഡലത്തിലെ നന്നംമുക്ക്</u>
<u>കാട്ട്പറമ്പ് ശ്മശാനം</u>

1573 ശ്രീ. പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊന്നാനി മണ്ഡലത്തിലെ നന്നംമുക്ക് കാട്ടുപറമ്പ് ശ്മശാനത്തിലെ സ്ഥല പരിമിതി മൂലം ഉണ്ടാകുന്ന പ്രയാസങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ശ്മശാനത്തിന് ഇലക്ട്രിക്കൽ, ഗ്യാസ് ചൂളകൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

# കേരള നിയമസഭ
# 22.03.2013–ലെ മറുപടിക്ക്

<u>കര്‍ഷക ദിനം</u>

1574 ശ്രീ. കെ. രാജു

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കര്‍ഷക ദിനം പോലുള്ള ചടങ്ങുകളില്‍ ആദരിക്കപ്പെടുന്ന കര്‍ഷകര്‍ക്ക് ഉപഹാരമായി കാര്‍ഷിക ഉപകരണങ്ങള്‍ അടങ്ങിയ കിറ്റ് വാങ്ങി നല്‍കുന്നതിന് പഞ്ചായത്ത് കമ്മിറ്റികള്‍ക്ക് തീരുമാനിച്ച് നല്‍കുന്നതിന് അധികാരമുണ്ടോ;

(ബി) ഇതുമായി ബന്ധപ്പെട്ട് പുനലൂര്‍ നിയോജക മണ്ഡലത്തില്‍ ഉള്‍പ്പെട്ട ഏരൂര്‍ ഗ്രാമപഞ്ചായത്തില്‍ ഉണ്ടായിരിക്കുന്ന ഓഡിറ്റ് തടസ്സം നിലനില്‍ക്കുന്നതാണോ;

(സി) കര്‍ഷകരെ ആദരിക്കുന്നതിനായി ഉപഹാരം വാങ്ങി നല്‍കിയ കാരണത്താല്‍ ഉണ്ടായ പ്രസ്തുത ഓഡിറ്റ് തടസ്സം നീക്കുന്നതിനുള്ള നടപടികള്‍ സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 22.03.2013-ലെ മറുപടിക്ക്

കോടംതുരുത്തിൽ മിനി സിവിൽ സ്റ്റേഷൻ

1575 ശ്രീ. എ. എം. ആരിഫ്

താഴെ കാണുന്ന ചോദ്യത്തിന്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

അരൂർ മണ്ഡലത്തിലെ കോടംതുരുത്ത് പഞ്ചായത്തിൽ മിനി സിവിൽ സ്റ്റേഷൻ നിർമ്മിക്കുന്നതിന് സ്ഥലം വിട്ടു കൊടുത്തു കൊണ്ടുളള പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനം സർക്കാരിനു സമർപ്പിച്ചതിൻ മേൽ ഉത്തരവായിട്ടുണ്ടോ; ഇല്ലെങ്കിൽ എന്നേക്ക് ആകുമെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 22.03.2013-ലെ മറുപടിക്ക്

<u>ജില്ലാപഞ്ചായത്തിന്റെ കൈവശമുള്ള റോഡുകൾ</u>

1576 ശ്രീ. ജോസ് തെറ്റയിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അങ്കമാലി നിയോജകമണ്ഡലത്തിൽ ജില്ലാ പഞ്ചായത്തിന്റെ കൈവശമുള്ള റോഡുകൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ അധികാരമേറ്റശേഷം ഈ റോഡുകളുടെ പുനരുദ്ധാരണത്തിനായി തുക അനുവദിച്ചിട്ടുണ്ടോ;

(സി) എങ്കിൽ ഇതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 22.03.2013-ലെ മറുപടിക്ക്

മഞ്ഞപ്ര ഗ്രാമപഞ്ചായത്തിലെ പദ്ധതികൾ

1577 ശ്രീ. ജോസ് തെറ്റയിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അങ്കമാലി നിയോജകമണ്ഡലത്തിലെ മഞ്ഞപ്ര ഗ്രാമപഞ്ചായത്തിലെ സ്ളോട്ടർ ഹൗസ്, മാർക്കറ്റ്, മാലിന്യ നിർമ്മാർജ്ജന പ്ലാന്റ് തുടങ്ങിയവ സ്ഥാപിക്കുന്നതിനായി സമർപ്പിച്ചിരുന്ന പ്രോജക്ട് നടപ്പിലാക്കുന്നതിനായി നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ സ്വീകരിച്ചിട്ടുള്ള നടപടി എന്തെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
# 22.03.2013-ലെ മറുപടിക്ക്

<u>പഞ്ചായത്തിലെ ഉദ്യോഗസ്ഥരുടെ സ്ഥലം മാറ്റം</u>

1578 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പദ്ധതി നിർവ്വഹണ കാലത്ത് ആയത് നടപ്പിലാക്കുന്ന ഉദ്യോഗസ്ഥരെ മാനദണ്ഡമനുസരിച്ചല്ലാതെ സ്ഥലം മാറ്റിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ;

(ബി) ഇത്തരം സ്ഥലംമാറ്റങ്ങൾ നടത്താൻ സർക്കാർതലത്തിൽ എന്തെങ്കിലും പ്രത്യേക അനുമതി നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ;

(സി) സർക്കാർ അനുമതിയില്ലാതെ നടത്തിയിട്ടുള്ള ഇത്തരം സ്ഥലം മാറ്റങ്ങൾ നടത്തിയവർക്കെതിരെ നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം നൽകുമോ ?

# കേരള നിയമസഭ
## 22.03.2013-ലെ മറുപടിക്ക്

<u>പഞ്ചായത്തിലെ താല്ക്കാലിക ഡ്രൈവർമാരുടെ ദിവസവേതന പരിഷ്കരണം</u>

1579 ശ്രീ. റ്റി. എ. അഹമ്മദ് കബീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്തുകളിലെ താല്ക്കാലിക ഡ്രൈവർമാരുടെ ദിവസ വേതനം പരിഷ്ക്കരിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ദിവസവേതനത്തിന് പകരം നിശ്ചിത തുക ശമ്പളമായി നൽകുന്ന കാര്യം പരിഗണിക്കുമോ;

(സി) മാസത്തിൽ എല്ലാ ദിവസവും ജോലി ചെയ്യേണ്ടിവരുന്ന ഡ്രൈവർമാർക്ക് 12000 രൂപ മാസ ശമ്പളം നൽകുന്നതിന് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 22.03.2013–ലെ മറുപടിക്ക്

ഇൻഫർമേഷൻ കേരള മിഷന്റെ സ്ഥാപിത ലക്ഷ്യങ്ങൾ

1580 ശ്രീ.വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇൻഫർമേഷൻ കേരളാ മിഷന്റെ സ്ഥാപിത ലക്ഷ്യങ്ങൾ എന്തെല്ലാമയിരുന്നു;ഈ ലക്ഷ്യം നിവേറ്റാൻ സമയ പരിധി നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ ഈ സമയ പരിധിക്കുള്ളിൽ ലക്ഷ്യങ്ങൾ സാക്ഷാത്കരിക്കാൻ കഴിഞ്ഞിട്ടുണ്ടോ;

(ബി) ഈ സ്ഥാപനത്തിൽ ജീവനക്കാരെ നിയമിക്കുന്നത് പി. എസ്.സി, എംപ്ലോയ്മെന്റ് എകസ്ചേഞ്ച് എന്നീ സ്ഥാപനങ്ങൾ വഴിയാണോ; ഇല്ലെങ്കിൽ ഇതിന്റെ നിയമന സംവിധാനം എന്താണെന്ന് വിശദീകരിക്കാമോ; ഈ നിയമനങ്ങളിൽ സംവരണതത്വം പാലിക്കപ്പെടുന്നുണ്ട് എന്ന് ഉറപ്പാക്കിയിട്ടുണ്ടോ;

(സി) ഈ സ്ഥാപനത്തിലെ ജിവനക്കാരുടെ ജാതി തിരിച്ചുളള വിവരം ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 22.03.2013-ലെ മറുപടിക്ക്

<u>പഞ്ചായത്ത് ജീവനക്കാരുടെ ഒഴിവുകൾ</u>

1581

ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ തദ്ദേശഭരണവകുപ്പിന് കീഴിൽ വിവിധ പഞ്ചായത്തുകളിലായി എത്ര ജീവനക്കാരുടെ ഒഴിവുകൾ ഉണ്ട് ;

(ബി) ഈ ഒഴിവുകൾ നികത്തുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(സി) ഈ ഒഴിവുകൾ എപ്പോൾ നികത്താൻ കഴിയുമെന്നും വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 22.03.2013-ലെ മറുപടിക്ക്

സാമൂഹ്യക്ഷേമവകുപ്പ് 'സാമൂഹ്യനീതി വകുപ്പ്' ആയി പുനർനാമകരണം ചെയ്യപ്പെട്ടത്

1582 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സാമൂഹ്യക്ഷേമവകുപ്പിനെ 'സാമൂഹ്യനീതിവകുപ്പ്' ആയി പുനർനാമകരണം ചെയ്തിട്ടുണ്ടോ;

(ബി) എങ്കിൽ, ഏതു സാഹചര്യത്തിലാണ് പുനർനാമകരണം ചെയ്തത്; ആയതിന്റെ സർക്കാർ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) ഈ വകുപ്പിന്റെ നാമമാറ്റം ജനങ്ങളിലെത്തിക്കാൻ സർക്കാർ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദീകരിക്കുമോ;

(ഡി) കേന്ദ്രസർക്കാരിന് ജനങ്ങളുടെ 'ക്ഷേമം' എന്ന പദത്തോടുള്ള എതിർപ്പിനാലാണോ നാമമാറ്റം ചെയ്യപ്പെട്ടതെന്നു വിശദീകരിക്കുമോ?

# കേരള നിയമസഭ
## 22.03.2013-ലെ മറുപടിക്ക്

<u>സാമൂഹിക സുരക്ഷാ മിഷനും വയോമിത്രം ക്ലിനിക്കുകളും</u>

1583 ശ്രീ. വി. എസ്. സുനിൽ കുമാർ
,, കെ. അജിത്
,, ജി. എസ്. ജയലാൽ
,, കെ. രാജു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സാമൂഹിക സുരക്ഷാ മിഷനു കീഴിൽ എന്തെല്ലാം പ്രവർത്തനങ്ങളാണ് നടന്നു വരുന്നതെന്ന് വ്യക്തമാക്കുമോ ; ഈ പ്രവർത്തനങ്ങളുടെ നടത്തിപ്പിൽ വീഴ്ച വന്നിട്ടുള്ളതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ അത് പരിഹരിക്കുന്നതിന് എന്തു നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ ;

(ബി) വയോമിത്രം ക്ലിനിക്കുകളുടെ പ്രവർത്തനലക്ഷ്യങ്ങൾ എന്തെല്ലാം; ഈ ക്ലിനിക്കുകളിൽ മരുന്നുകൾ പോലും യഥാസമയം നൽകുന്നില്ലെന്നുള്ള പരാതിയിന്മേൽ എന്തു നടപടികളെടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 22.03.2013-ലെ മറുപടിക്ക്

<u>കോക്ലിയാർ ഇംപ്ലാന്റേഷൻ പദ്ധതി</u>

1584 ശ്രീ. പി. ബി. അബ്ദുൾ റസാക്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യക്ഷേമ വകുപ്പ് നടപ്പാക്കുന്ന കോക്ലിയാർ ഇംപ്ലാന്റേഷൻ പദ്ധതി പ്രകാരം നടപ്പ് വർഷം എത്ര കുട്ടികൾക്ക് ശസ്ത്രക്രിയ നടത്തി എന്ന് വ്യക്തമാക്കുമോ; ഇതിനായി എത്ര രൂപ ചെലവഴിച്ചു;

(ബി) ഏതെല്ലാം സ്ഥാപനങ്ങളിലൂടെയാണ് ഈ സ്കീം നടപ്പിലാക്കുന്നത്?

(സി) പ്രശംസനീയമായ സാമൂഹ്യ സുരക്ഷാ പദ്ധതി എന്ന നിലയ്ക്ക് അടുത്ത ബജറ്റിൽ ഇതിനായി കൂടുതൽ തുക വകയിരുത്തി ശസ്ത്രക്രിയ ആവശ്യമായ എല്ലാവർക്കും ഇതിന്റെ പ്രയോജനം ലഭ്യമാക്കുവാൻ പദ്ധതി വിപുലീകരിക്കുമോ;

(ഡി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ ഈ പദ്ധതി കൂടുതൽ വിപുലപ്പെടുത്താനും പ്രസ്തുത സ്ഥാപനങ്ങളുടെ സാമ്പത്തിക സഹായം പ്രസ്തുത പദ്ധതിക്ക് ലഭ്യമാക്കാനും സർക്കാർ ആലോചിക്കുന്നുണ്ടോ;

(ഇ) ശസ്ത്രക്രിയ അവശ്യമുള്ള കുട്ടികൾക്ക് നടപടിക്രമങ്ങൾ വേഗത്തിലാക്കി കാലതാമസം കൂടാതെ ഇത് നടത്താൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 22.03.2013-ലെ മറുപടിക്ക്

<u>കോക്ലിയാർ ഇംപ്ലാന്റേഷൻ പദ്ധതി</u>

1585 ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ രൂപം നൽകിയ സാമൂഹ്യക്ഷേമവകുപ്പിന്റെ ആഭിമുഖ്യത്തിലുള്ള ശ്രുതി തരംഗം എന്ന കോക്ലീയാർ ഇംപ്ലാന്റേഷൻ പദ്ധതി പ്രകാരം നാളിതുവരെ എത്ര കുട്ടികളെ സർജറിക്ക് വിധേയരാക്കുകയുണ്ടായി ; ജില്ല തിരിച്ച് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതി നടത്തിപ്പിനായി സംസ്ഥാനത്ത് ഏതൊക്കെ സർക്കാർ/സ്വകാര്യ ആശുപത്രികളെയാണ് തെരഞ്ഞെടുത്തിട്ടുള്ളത് ; വിശദമാക്കുമോ ;

(സി) പ്രസ്തുത പദ്ധതി മുഖേന നാളിതുവരെ എത്ര തുക ഇതിനകം ചെലവഴിച്ചു ;

(ഡി) പ്രസ്തുത പദ്ധതിക്ക് എപ്രകാരം തുക സമാഹരിച്ചു വരുന്നു ; വിശദമാക്കുമോ ;

(ഇ) പ്രസ്തുത പദ്ധതി പ്രകാരം ശസ്ത്രക്രിയ നടത്തുന്ന കുട്ടികൾക്കുള്ള തുടർചികിത്സ ലഭ്യമാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത് ; വ്യക്തമാക്കുമോ ;

(എഫ്) ജന്മനാ ബധിരരായ 5 വയസ്സ് വരെ പ്രായമുള്ള എത്ര കൂട്ടികൾ സംസ്ഥാനത്തുണ്ടെന്നാണ് മനസ്സിലാക്കിയിട്ടുള്ളത് ; ഇതിൽ ഈ വർഷം എത്ര കുട്ടികൾക്ക് കൂടി പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ സാധിക്കുമെന്ന് സർക്കാർ കണക്കുകൂട്ടുന്നു ; വിശദമാക്കുമോ ?

# കേരള നിയമസഭ
## 22.03.2013-ലെ മറുപടിക്ക്

<u>കോക്ലിയാർ ഇംപ്ലാന്റേഷൻ ശസ്ത്രക്രിയ</u>

T 1586 ശ്രീ. എം. ഉമ്മർ
'' കെ. മുഹമ്മദുണ്ണി ഹാജി
'' എൻ. ഷംസുദ്ദീൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോക്ലിയാർ ഇംപ്ലാന്റേഷൻ ശസ്ത്രക്രിയ സൗജന്യമായി നടത്തുന്നതിനുള്ള നടപടി ഈ സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അപേക്ഷിക്കുന്ന അർഹരായ എല്ലാപേർക്കും പ്രസ്തുത ചികിൽസ സൗജന്യമായി നൽകുന്നുണ്ടോ;

(സി) ഇതു സംബന്ധിച്ച് എന്തെങ്കിലും പരാതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) പ്രസ്തുത ചികിൽസയ്ക്കായി അപേക്ഷകരുടെ പ്രായപരിധി പരിഗണിക്കാറുണ്ടോ; വിശദാംശം നൽകുമോ;

(ഇ) ഉണ്ടെങ്കിൽ ഉയർന്ന പ്രായപരിധിയിൽ ഇളവ് നൽകുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 22.03.2013–ലെ മറുപടിക്ക്

<u>ശ്രുതിതരംഗം പദ്ധതി</u>

1587 ശ്രീ. വി. ഡി. സതീശൻ
,, എം. എ. വാഹീദ്
,, കെ. ശിവദാസൻ നായർ
,, പി. സി. വിഷ്ണുനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ശ്രുതി തരംഗം പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യം എന്തെല്ലാം; വിശദമാക്കുമോ;

(ബി) പിഞ്ചു കുട്ടികളെ ശസ്ത്രക്രിയയിലൂടെ ശബ്ദത്തിന്റെ ലോകത്തിലേയ്ക്ക് കടത്തുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഏതെല്ലാം ഏജൻസിയുടെ സഹായത്തോടെയാണ് പദ്ധതി പ്രവർത്തിക്കുന്നത്; വിശദമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം കാര്യങ്ങൾ ചെയ്തിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാമാണ്?

# കേരള നിയമസഭ
# 22.03.2013-ലെ മറുപടിക്ക്

<u>കോക്ലിയർ ഇംപ്ലാന്റേഷൻ പദ്ധതി</u>

1588 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോക്ലിയർ ഇംപ്ലാന്റേഷൻ പദ്ധതി പ്രകാരം ഇതുവരെ എത്ര കുട്ടികൾക്ക് ധനസഹായം നൽകിയിട്ടുണ്ട്;

(ബി) സംസ്ഥാനത്തെ സർക്കാർ ജീവനക്കാരുടെയും അദ്ധ്യാപകരുടെയും മെഡിക്കൽ റീ-ഇംപേഴ്സ്മെന്റ് ആനുകൂല്യത്തിനായി കോക്ലിയർ ഇംപ്ലാന്റേഷനെയും കൂടി ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ; ഇതിനായി വരുമാന പരിധി വർദ്ധിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ;

(സി) 'ശ്രുതി തരംഗം' പദ്ധതി വരുന്നതിനു മുമ്പ് കോക്ലിയർ ഇംപ്ലാന്റേഷൻ ചെയ്ത സർക്കാർ ജീവനക്കാരുടെ കുട്ടികൾക്ക് ചെലവായ തുക മെഡിക്കൽ റീ-ഇംപേഴ്സ്മെന്റ് ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 22.03.2013-ലെ മറുപടിക്ക്

<u>ജില്ലാ അഡ്ഹോക് കമ്മിറ്റികൾ</u>

1589 ശ്രീ. കെ. വി. അബ്ദുൾ ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നിലവിലുള്ള വനിതാ കമ്മീഷൻ അധികാരമേറ്റശേഷം എല്ലാ ജില്ലകളിലും അഡ്ഹോക്ക് കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ എന്നാണ് രൂപീകരിച്ചതെന്നും ഓരോ ജില്ലകളിലെ അഡ്ഹോക്ക് കമ്മിറ്റികളിൽ ആരൊക്കെയാണ് അംഗങ്ങളെന്നും വിശദീകരിക്കാമോ;

(സി) വനിതാ കമ്മീഷൻ അദാലത്തുകൾക്ക് വേണ്ടി നിലവിൽ അഭിഭാഷക പാനൽ തയ്യാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതൊക്കെ അഭിഭാഷകരാണ് പാനലിലുള്ളതെന്നും, അഭിഭാഷക പാനൽ തയ്യാറാക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്നും വിശദീകരിക്കാമോ ?

(ഡി) അഡ്ഹോക്ക് കമ്മിറ്റിയുടെ പ്രവർത്തനത്തിനായി നാളിതുവരെ എത്ര തുക ചെലവഴിച്ചെന്നും ഓരോ അംഗവും എത്ര തുക വീതം കൈപ്പറ്റിയെന്നും അറിയിക്കാമോ ?

# കേരള നിയമസഭ
# 22.03.2013-ലെ മറുപടിക്ക്

<u>വനിതാ കമ്മീഷൻ അംഗങ്ങൾ</u>

1590 ശ്രീ. സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നിലവിൽ സംസ്ഥാന വനിതാ കമ്മീഷനിൽ കമ്മീഷൻ അംഗങ്ങളായി ആരെയൊക്കെ ഏതൊക്കെ തീയതികളിലാണ് നിയമിച്ചതെന്ന് വെളിപ്പെടുത്തുമോ;

(ബി) ഈ നിയമിക്കപ്പെട്ട ഓരോ അംഗങ്ങളും നാളിതുവരെയായി വനിതാകമ്മീഷൻ ആസ്ഥാനത്ത് എത്ര ദിവസം സന്നിഹിതരായിരുന്നെന്നും ഈ കാലയളവിൽ ഓരോരുത്തരും എത്രവീതം പരാതികളിൽ തീർപ്പ് കൽപ്പിച്ചെന്നും വിശദമാക്കാമോ;

(സി) വനിതാ കമ്മീഷൻ അംഗങ്ങളായി നിമയിക്കപ്പെടുന്നവർ മുഴുവൻ സമയവും കമ്മീഷൻ നിർദ്ദേശിക്കുന്ന ചുമതലകൾ നിർവ്വഹിക്കണമെന്ന് വനിതാ കമ്മീഷൻ നിയമത്തിൽ നിഷ്ക്കർഷിച്ചിട്ടുണ്ടോ.;

(ഡി) ഉണ്ടെങ്കിൽ നിലവിലുള്ള കമ്മീഷനംഗങ്ങളിൽ സർക്കാർ ശമ്പളം കൈപ്പറ്റുന്ന ആരൊക്കെയുണ്ടെന്ന് വെളിപ്പെടുത്തുമോ, അവരെ ഒഴിവാക്കാൻ നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
# 22.03.2013–ലെ മറുപടിക്ക്

<u>വനിതാ കമ്മീഷന്റെ പ്രവർത്തനം</u>

1591 ശ്രീ. ബി. സത്യൻ
,, സി.കെ. സദാശിവൻ
ശ്രീമതി കെ.കെ. ലതിക
,, പി. അയിഷാപോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വനിതാ കമ്മീഷന്റെ പ്രവർത്തനങ്ങൾ സർക്കാർ വിലയിരുത്തിയിട്ടുണ്ടോ;

(ബി) വനിതാ കമ്മീഷൻ മുൻപാകെ പരാതികൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ വർദ്ധിച്ചുവരികയാണെന്നറിയാമോ;

(സി) ഈ സർക്കാർ അധികാരമേറ്റ ശേഷം സ്ത്രീകൾക്കെതിരെയുള്ള പീഡനങ്ങൾ ഉൾപ്പെടെ ലഭിച്ച മൊത്തം പരാതികൾ ജില്ല തിരിച്ച് ലഭ്യമാണോ; വെളിപ്പെടുത്താമോ;

(ഡി) സ്ത്രീകൾ പീഡിപ്പിക്കപ്പെടുന്ന വിവരം ലഭിച്ചാൽ പരാതികൾ ലഭിച്ചില്ലെങ്കിലും അന്വേഷിച്ച് നടപടി സ്വീകരിക്കാറുണ്ടോ;

(ഇ) വനം വകുപ്പ് മന്ത്രിയുടെ ഭാര്യ ഔദ്യോഗിക വസതിയിൽ മാനസികമായും ശാരീരികമായും പീഡിപ്പിക്കപ്പെട്ടത് സംബന്ധിച്ച പത്രവാർത്തകളും ഗവ.ചീഫ് വിപ്പിന്റെ പരാതിയും വനിതാ കമ്മീഷൻ പരിഗണിക്കുകയുണ്ടായോ; എങ്കിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ?

# കേരള നിയമസഭ
# 22.03.2013-ലെ മറുപടിക്ക്

## <u>സ്ത്രീ സൗഹൃദ ടോയ്‌ലറ്റുകൾ</u>

1592

ശ്രീ. കെ. ശിവദാസൻ നായർ
,, വി. റ്റി. ബൽറാം
,, എ. റ്റി. ജോർജ്
,, എ. പി. അബ്ദുള്ളക്കുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വനിതാ കമ്മീഷന്റെ നേതൃത്വത്തിൽ സ്ത്രീ സൗഹൃദ ടോയ്‌ലറ്റുകൾ പ്രവർത്തനത്തിന് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഏതെല്ലാം ഏജൻസികളുമായി ചേർന്നാണ് ഇതിന്റെ പ്രവർത്തനം നടത്തുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) എന്തെല്ലാം ആധുനിക സംവിധാനങ്ങളോടെയാണ് ഇവ പ്രവർത്തിക്കുന്നത്; വിശദമാക്കുമോ;

(ഡി) സംസ്ഥാനത്തിന്റെ എല്ലാ നഗരങ്ങളിലും ഇതിന്റെ പ്രവർത്തനം വ്യാപിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ; വിശദാംശങ്ങൾ എന്തെല്ലാമാണ്?

# കേരള നിയമസഭ
# 22.03.2013–ലെ മറുപടിക്ക്

<u>വനിതാ കമ്മീഷൻ ഡയറക്ടറുടെ ചുമതലകൾ</u>

1593 ശ്രീ. എളമരം കരീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള വനിതാ കമ്മീഷൻ നിയമത്തിലെ വ്യവസ്ഥകളെ മറികടന്ന് നിലവിൽ ഡയറക്ടറായി ജോലി ചെയ്യുന്ന പോലീസുദ്ദ്യോഗസ്ഥൻ, കമ്മീഷൻ മീറ്റിംഗുകളിൽ പങ്കെടുത്ത് അഭിപ്രായ പ്രകടനം നടത്തുന്നതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വനിതാ കമ്മീഷൻ ഡയറക്ടാറായി നിയമിക്കപ്പെടുന്ന പോലീസ് ഉദ്യോഗസ്ഥന് നിയമം നിഷ്ക്കർഷിച്ച് നൽകിയ ചുമതലകളും ഉത്തരവാദിത്വങ്ങളും എന്തെല്ലാമെന്ന് വിശദമാക്കാമോ;

(സി) നിയമവിരുദ്ധമായി കമ്മീഷൻ മീറ്റിംഗുകളിൽ ഇടപെടാൻ ശ്രമിക്കുന്നുണ്ടെന്ന ഡയറക്ടറെ സംബന്ധിച്ച ആക്ഷേപം അന്വേഷിച്ച് നടപടി സ്വീകരിക്കാൻ സർക്കാർ തയ്യാറാകുമോ ?

# കേരള നിയമസഭ
## 22.03.2013-ലെ മറുപടിക്ക്

<u>വനിതാ കമ്മീഷൻ അംഗങ്ങൾക്കെതിരെയുള്ള പരാതി</u>

1594 **ശ്രീ. ആർ. രാജേഷ്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നിലവിൽ സംസ്ഥാന വനിതാ കമ്മീഷൻ അംഗങ്ങൾ ആയി പ്രവർത്തിക്കുന്നവർക്കോ അവരുടെ കുടുംബാംഗങ്ങൾക്കോ എതിരായി സർക്കാരിന് പരാതി ലഭ്യമായിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(സി) സർക്കാരിന് ലഭ്യമായ പരാതിയിന്മേൽ ഇതിനകം എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കുമോ?

## കേരള നിയമസഭ
## 22.03.2013–ലെ മറുപടിക്ക്

<u>വനിതാ കമ്മീഷന്റെ പ്രവർത്തനത്തിനുള്ള ഫണ്ട്</u>

1595 ശ്രീ. സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നിലവിലുള്ള വനിതാ കമ്മീഷൻ അംഗങ്ങൾ ചാർജെടുത്തിനുശേഷം നാളിതുവരെയായി അദാലത്തുകൾ, സെമിനാറുകൾ ജാഗ്രതാ സമിതി പരിശീലനം, കലാലയ ജ്യോതി എന്നിവ എവിടെയൊക്കെ ഏതൊക്കെ തീയതികളിൽ സംഘടിപ്പിച്ചെന്ന് ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

(ബി) ഈ പദ്ധതികൾക്കായി സർക്കാർ ആകെ എന്തു തുക നീക്കി വെച്ചെന്നും; അതിൽ എത്ര തുക ചെലവഴിച്ചെന്നും വിശദമാക്കാമോ?

# കേരള നിയമസഭ
# 22.03.2013-ലെ മറുപടിക്ക്

<u>സ്ത്രീകളുടെ പ്രശ്നങ്ങളെ കുറിച്ചുള്ള പഠനം</u>

1596 ശ്രീ. എളമരം കരീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം നാളിതുവരെ ഓരോ വർഷവും സ്ത്രീകൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളെ സംബന്ധിച്ച് പഠനം നടത്താൻ ആർക്കൊക്കെ, എത്ര രൂപ വീതം നൽകിയെന്ന് വെളിപ്പെടുത്താമോ;

(ബി) ഇതിൽ എത്ര റിപ്പോർട്ടുകളിന്മേൽ കമ്മിഷൻ തുടർ നടപടികൾ സ്വീകരിച്ചെന്ന് വിശദമാക്കാമോ;

(സി) ഈ റിപ്പോർട്ടുകൾ കൊണ്ട് കേരളത്തിലെ എത്ര ശതമാനം സ്ത്രീകൾക്ക് പ്രയോജനം ലഭ്യമായിട്ടുണ്ടെന്ന് വിശദമാക്കാമോ ?

## കേരള നിയമസഭ
## 22.03.2013–ലെ മറുപടിക്ക്

<u>വനിതാ വികസന കോർപ്പറേഷൻ</u>

1597 ശ്രീ. കെ. എം. ഷാജി
,, സി. മോയിൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വനിതാ വികസന കോർപ്പറേഷനിൽ എത്ര ജീവനക്കാർ ജോലി ചെയ്യുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഓരോ ജീവനക്കാരുടെയും ആദ്യ നിയമനത്തീയതി, ഇപ്പോൾ വഹിക്കുന്ന തസ്തിക, വിദ്യാഭ്യാസ യോഗ്യത, ജനനത്തീയതി, സംവരണ സമുദായത്തിൽപെട്ടതാണോ എന്നീ വിവരങ്ങൾ ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 22.03.2013-ലെ മറുപടിക്ക്

<u>സ്ത്രീകൾക്കും കുട്ടികൾക്കും എതിരെയുള്ള അതിക്രമങ്ങൾ</u>

1598 ശ്രീ. പി. ഉബൈദുള്ള
'' എൻ. ഷംസുദ്ദീൻ
'' റ്റി. എ. അഹമ്മദ് കബീർ
'' എൻ. എ. നെല്ലിക്കുന്ന്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സമൂഹത്തിൽ സ്ത്രീകൾ, കുട്ടികൾ എന്നിവർക്കെതിരെ ലൈംഗിക അതിക്രമങ്ങൾ വർദ്ധിച്ച തോതിൽ ആവർത്തിക്കപ്പെടുന്നതിന്റെ അടിസ്ഥാന കാരണങ്ങളെക്കുറിച്ച് മനസ്സിലാക്കാൻ ഒരു പഠനം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഇതു സംബന്ധിച്ച് സർക്കാർ തലത്തിലോ സാമൂഹ്യമേഖലയിലെ എൻ.ജി.ഒ കളുടെ ആഭിമുഖ്യത്തിലോ വിശദമായ പഠനങ്ങളെന്തെങ്കിലും നടത്തി, അതിന്റെയടിസ്ഥാനത്തിൽ വസ്തുനിഷ്ടമായ ശുപാർശകളെന്തെങ്കിലും സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ ഇതു സംബന്ധിച്ച വിശദവിവരം നൽകാമോ;

(സി) ഈ പ്രശ്നത്തിന് പരിഹാരം കാണുന്നതിനായി അടിയന്തിരശ്രദ്ധ പതിപ്പിക്കുമോ?

# കേരള നിയമസഭ
# 22.03.2013-ലെ മറുപടിക്ക്

<u>ഗാർഹിക പീഡനം</u>

1599 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വനം വകുപ്പുമന്ത്രി മാനസികമായും ശാരീരികമായും പീഡിപ്പിക്കുന്നുവെന്ന ഭാര്യയുടെ പരാതി സംസ്ഥാന വനിതാ കമ്മീഷന്റെ ശ്രദ്ധയിൽപ്പെടുകയുണ്ടായോ;

(ബി) വനിതാ കമ്മീഷൻ ഗാർഹികപീഡന നിരോധന നിയമപ്രകാരം കേസ് പരിഗണിച്ചിട്ടുണ്ടോ; ഇതിനകം സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

# കേരള നിയമസഭ
## 22.03.2013-ലെ മറുപടിക്ക്

<u>സ്ത്രീസുരക്ഷാ പദ്ധതികൾ</u>

1600 ശ്രീ. എ. കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യക്ഷേമ വകുപ്പ് മുഖേന സംസ്ഥാനത്ത് നടപ്പാക്കുന്ന സ്ത്രീസുരക്ഷാ പദ്ധതികൾ ഏതെല്ലാം; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) ഇതിൽ ഏതെല്ലാം പദ്ധതികളാണ് ഈ സർക്കാർ ആരംഭിച്ചത്?

# കേരള നിയമസഭ
# 22.03.2013-ലെ മറുപടിക്ക്

<u>സ്ത്രീ ശാക്തീകരണം</u>

1601 ശ്രീ. പി. കെ. ബഷീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്ത്രീ ശാക്തീകരണത്തിനായി സാമൂഹ്യ ക്ഷേമ വകുപ്പിന് കീഴിൽ എന്തെല്ലാം പുതിയ പദ്ധതികളാണ് ആവിഷ്ക്കരിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്;

(ബി) എങ്കിൽ പ്രസ്തുത പദ്ധതികളെ കുറിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 22.03.2013-ലെ മറുപടിക്ക്

അംഗനവാടി ജീവനക്കാരുടെ ക്ഷേമം

1602 ശ്രീ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം അംഗനവാടി ജീവനക്കാരുടെ ക്ഷേമത്തിനായി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) അംഗനവാടി വർക്കേഴ്സിനും ഹെൽപ്പേഴ്സിനും ഇപ്പോൾ ലഭിക്കുന്ന വേതനം എത്രയാണ്;

(സി) കഴിഞ്ഞ സർക്കാർ വർദ്ധിപ്പിച്ച തുകയിൽ എത്ര മാസത്തെ കുടിശ്ശിക നൽകാനുണ്ട്;

(ഡി) ഈ തുക നൽകുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ഇ) മേൽ ജീവനക്കാർക്ക് നിലവിൽ നൽകുന്ന വേതനം തീരെ അപര്യാപ്തമാണെന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) എങ്കിൽ മിനിമം വേതനം അനുവദിക്കണമെന്ന ജീവനക്കാരുടെ ആവശ്യത്തിൽ എന്തെങ്കിലും നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ?

# കേരള നിയമസഭ
# 22.03.2013-ലെ മറുപടിക്ക്

<u>അംഗനവാടി ജീവനക്കാരുടെ ഓണറേറിയം</u>

1603 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അംഗൻവാടി ജീവനക്കാർക്ക് ഓണറേറിയം വർദ്ധിപ്പിച്ചിട്ടുണ്ടോ; എന്ന് മുതൽ വർദ്ധിപ്പിച്ചു; എത്ര രൂപയായി വർദ്ധിപ്പിച്ചു;

(ബി) വർദ്ധിപ്പിച്ച ഓണറേറിയം മാസങ്ങൾ കഴിഞ്ഞിട്ടും ജീവനക്കാർക്ക് ഇനിയും ലഭിച്ചിട്ടില്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിന് എന്ത് നടപടി സ്വീകരിച്ചു;

(സി) വർദ്ധിപ്പിച്ച ഓണറേറിയം എപ്പോൾ ലഭ്യമാക്കുമെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 22.03.2013-ലെ മറുപടിക്ക്

<u>അംഗനവാടി കുട്ടികൾക്കുള്ള ഭക്ഷണപദാർത്ഥങ്ങൾ</u>

1604 ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അംഗൻവാടി കുട്ടികൾക്ക് നൽകിവരുന്ന ഭക്ഷണപദാർത്ഥങ്ങളുടെ ഇനങ്ങൾ, അളവ് എന്നിവ വ്യക്തമാക്കുമോ;

(ബി) ഇതിനാവശ്യമായ ഭക്ഷ്യവസ്തുക്കൾ ഏതെല്ലാം മാർഗ്ഗങ്ങളിലൂടെയാണ് ലഭിക്കുന്നത് എന്നതിന്റെ വിശദാംശം വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
# 22.03.2013–ലെ മറുപടിക്ക്

<u>അംഗനവാടി നിർമ്മാണം</u>

1605 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നബാർഡിന്റെ ആർ. ഐ. ഡി. എഫ് പദ്ധതിയിൽ ഉൾപ്പെടുത്തി ഒരോ നിയോജകമണ്ഡലത്തിലേയും എത്ര അംഗനവാടികൾ വീതമാണ് നവീകരിക്കാനോ പുതുതായി നിർമ്മിക്കാനോ തെരഞ്ഞെടുക്കുന്നത് എന്നറിയിക്കാമോ; അമ്പലപ്പുഴ മണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിലും ആലപ്പുഴ മുനിസിപ്പാലിറ്റിയിലുമായി എത്ര അംഗനവാടികൾ ഇതിനായി തെരെഞ്ഞെടുത്തുവെന്നും അവ ഏതെല്ലാമെന്നും അറിയിക്കാമോ;

(ബി) ആർ.ഐ.ഡി.എഫ് പദ്ധതിയിൽ ഉൾപ്പെടുത്തി അംഗനവാടികൾ പുതുതായി നിർമ്മിക്കുന്നതിനു വേണ്ട മാനദണ്ഡങ്ങളും നടപടിക്രമങ്ങളും വിശദമാക്കാമോ?

# കേരള നിയമസഭ
## 22.03.2013-ലെ മറുപടിക്ക്

<u>ആധുനിക മോഡൽ അംഗൻവാടികൾ</u>

1606 ശ്രീ. ബെന്നി ബെഹനാൻ
,, എ. പി. അബ്ദുള്ളക്കുട്ടി
,, റ്റി. എൻ. പ്രതാപൻ
,, വി. പി. സജീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആധുനിക മോഡൽ അംഗൻവാടികൾ തുടങ്ങുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണ്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) എന്തെല്ലാം സൗകര്യങ്ങളാണ് പദ്ധതിയനുസരിച്ച് അംഗൻവാടികളിൽ ഒരുക്കിയിട്ടുള്ളത്; വിശദമാക്കുമോ;

(ഡി) ഈ പദ്ധതിയുടെ അടങ്കൽ തുക എത്രയാണ്; വിശദാംശങ്ങൾ എന്തെല്ലാം;

(ഇ) പദ്ധതി നടത്തിപ്പിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ?

# കേരള നിയമസഭ
## 22.03.2013-ലെ മറുപടിക്ക്

<u>അംഗൻവാടി കെട്ടിട നിർമ്മാണം</u>

1607 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഐ.സി.ബി.എസ് സ്റ്റേറ്റ് പ്ലാൻ ഫണ്ട് 2012 -13 പ്രകാരം എസ്.സി/എസ്.ടി മേഖലകളിൽ അംഗൻവാടി കെട്ടിട നിർമ്മാണത്തിന് പദ്ധതിയുണ്ടോ; എങ്കിൽ ഇതു പ്രകാരം എത്ര അംഗൻവാടികളാണ് നിർമ്മിക്കുന്നത്; വ്യക്തമാക്കാമോ;

(ബി) ഇത് സംബന്ധിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(സി) ഇതു പ്രകാരം അംഗൻവാടികൾ നിർമ്മിക്കുന്ന സ്ഥലങ്ങൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ;

(ഡി) എസ്.സി/എസ്.ടി വിഭാഗത്തിലുള്ളവർ കൂടുതലായി അധിവസിക്കുന്ന ആറ്റിങ്ങൽ നിയോജകമണ്ഡലത്തിലെ ഏതെല്ലാം സ്ഥലങ്ങളിലാണ് ഇത് പ്രകാരം അംഗൻവാടികൾ നിർമ്മിക്കുന്നത്; വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 22.03.2013-ലെ മറുപടിക്ക്

<u>മാതൃകാ അംഗൻവാടികൾ</u>

1608 ശ്രീ. പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മാതൃകാ അംഗൻവാടികൾ (പകൽവീടുകൾ) അടുത്ത സാമ്പത്തിക വർഷത്തിലും അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) ഇവ മണ്ഡലത്തിൽ ഒന്നിൽ കൂടുതൽ അനുവദിക്കാമോ; വിശദമാക്കുമോ?

# കേരള നിയമസഭ
# 22.03.2013-ലെ മറുപടിക്ക്

<u>അംഗൻവാടികളുടെ പ്രവർത്തനം</u>

1609 ഡോ. എൻ. ജയരാജ്
ശ്രീ. പി. സി. ജോർജ്
,, റോഷി അഗസ്റ്റിൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അംഗൻവാടികളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ;

(ബി) ഐ.സി.ഡി.എസ്. പദ്ധതികളിലെ കാലോചിതമാറ്റങ്ങൾ ഉൾക്കൊണ്ടിട്ടുള്ള പ്രവർത്തനങ്ങൾ ഏറ്റെടുത്തു നടപ്പാക്കുന്ന വിധത്തിൽ അംഗൻവാടികളെ സജ്ജമാക്കുന്നതിനു നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ;

(സി) ഈ ലക്ഷ്യം മുൻനിർത്തി 2013-14 സാമ്പത്തികവർഷം അംഗൻവാടികളുടെ അടിസ്ഥാനസൗകര്യങ്ങളുടെ വികസനത്തിനു പര്യാപ്തമായ തുക നീക്കിവെയ്ക്കുമോ?

# കേരള നിയമസഭ
## 22.03.2013-ലെ മറുപടിക്ക്

<u>അംഗൻവാടി കെട്ടിടം നിർമ്മിക്കാൻ നടപടി</u>

1610 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യക്ഷേമ വകുപ്പ് നബാർഡിന്റെ ആർ.ഐ.ഡി.എഫ് സ്കീമിൽ ഉൾപ്പെടുത്തി കൊല്ലം ജില്ലയിൽ എത്ര അംഗൻവാടികൾക്ക് കെട്ടിടം നിർമ്മിക്കാൻ ഉദ്ദേശിക്കുന്നുണ്ട്; അവയുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത വിഭാഗത്തിൽപ്പെട്ട് കൊട്ടാരക്കര നിയോജക മണ്ഡലത്തിൽ അംഗൻവാടി കെട്ടിടം നിർമ്മിക്കുന്നുണ്ടെങ്കിൽ ആയതിന്റെ വിശദാംശം വെളിപ്പെടുത്തുമോ?

**കേരള നിയമസഭ**
**22.03.2013-ലെ മറുപടിക്ക്**

<u>കടങ്ങോട് മാതൃക അംഗൻവാടി</u>

1611 ശ്രീ. ബാബു. എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുന്നംകുളം നിയോജകമണ്ഡലം കടങ്ങോട് ഗ്രാമപഞ്ചായത്തിൽ മാതൃകാ അംഗൻവാടി നിർമ്മിക്കുന്നതിനായി ശുപാർശ ചെയ്തു സമർപ്പിച്ച അപേക്ഷയിന്മേൽ എന്തു നടപടിയാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ ;

(ബി) എന്നത്തേയ്ക്ക് ഇതിന്റെ പ്രവർത്തനം ആരംഭിക്കാൻ കഴിയും എന്നാണ് ഉദ്ദേശിക്കുന്നത് ; വിശദാംശം ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 22.03.2013-ലെ മറുപടിക്ക്

<u>വൈപ്പിൻ നിയോജകമണ്ഡലത്തിലെ അംഗൻവാടികൾ</u>

1612 ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ നിയോജകമണ്ഡലത്തിൽ ഭൂരിഭാഗം അംഗൻവാടികളും വാടകക്കെട്ടിടങ്ങളിലും ഷെഡുകളിലുമാണ് പ്രവർത്തിച്ചുവരുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അവയുടെ ശോച്യാവസ്ഥ പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ;

(ബി) അംഗൻവാടികൾക്ക് കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് ഇപ്പോൾ ഏതെല്ലാം പദ്ധതികളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) പുതിയ പദ്ധതികൾ നടപ്പിലാക്കി അംഗൻവാടി കെട്ടിടങ്ങൾ നിർമ്മിക്കുവാൻ നടപടി സ്വീകരിക്കുമോ?

**കേരള നിയമസഭ**
**22.03.2013-ലെ മറുപടിക്ക്**

<u>ഭവനശ്രീ വായ്പാ പദ്ധതി</u>

T. 1613

ശ്രീ. പുരുഷൻ കടലുണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുടുംബശ്രീ വഴി നടപ്പാക്കിയ ഭവനശ്രീ പദ്ധതിയിൽ എത്ര വീടുകൾ നിർമ്മിക്കപ്പെട്ടിട്ടുണ്ട്;

(ബി) ഇതിൽ എത്ര ഗുണഭോക്താക്കൾക്ക് ഭവനശ്രീ വായ്പ എഴുതിത്തള്ളിയ ഇനത്തിൽ സഹായം ലഭ്യമായിട്ടുണ്ട്;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഭവനശ്രീ ബാങ്ക് വായ്പ എഴുതിത്തള്ളിയ ഇനത്തിൽ എത്രപേർക്ക് സഹായം അനുവദിച്ചു;

(ഡി) സഹകരണ ബാങ്കുകളിൽ നിന്ന് ഭവനശ്രീ വായ്പ എടുത്ത കുടുംബങ്ങൾക്ക് ധനസഹായം ലഭ്യമാക്കുന്നതിലെ തടസ്സമെന്താണ്; വിശദമാക്കാമോ?

# കേരള നിയമസഭ
# 22.03.2013–ലെ മറുപടിക്ക്

<u>കുടുംബശ്രീ അംഗങ്ങൾക്ക് പെൻഷൻ</u>

1614 ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യത്തിന്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കുടുംബശ്രീയിൽ അംഗങ്ങളായിട്ടുള്ള 60 വയസ്സ് കഴിഞ്ഞവർക്ക് പെൻഷൻ ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ ?

# കേരള നിയമസഭ
# 22.03.2013–ലെ മറുപടിക്ക്

## സാമൂഹ്യക്ഷേമ വകുപ്പ് നടപ്പിലാക്കുന്ന പെൻഷൻ പദ്ധതികൾ

1615

ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യക്ഷേമ വകുപ്പ് മുഖേന എന്തൊക്കെ പെൻഷനുകളാണ് നൽകിക്കൊണ്ടിരിക്കുന്നത് എന്നും ഓരോ പെൻഷനും എത്ര രൂപ വീതമാണ് എന്നും വ്യക്തമാക്കുമോ ;

(ബി) ഇതിൽ ഏതെങ്കിലും പെൻഷൻ കുടിശ്ശിക ഉണ്ടോയെന്നും ഉണ്ടെങ്കിൽ എത്ര മാസത്തെ കുടിശ്ശികയുണ്ടെന്നും ഇതു വിതരണം ചെയ്യാൻ എന്തു നടപടി സ്വീകരിച്ചുവെന്നും വ്യക്തമാക്കുമോ ;

(സി) ഈ പെൻഷൻ വാങ്ങുന്നവർ പോസ്റ്റോഫീസിൽ അക്കൗണ്ട് തുടങ്ങണമെന്ന് ഉത്തരവ് ഇറക്കിയിട്ടുണ്ടോ ;

(ഡി) രോഗികൾ, പ്രായക്കൂടുതലുള്ളവർ എന്നിവർക്ക് നിലവിൽ ലഭിക്കുന്നതുപോലെ എം. ഒ. ആയി പെൻഷൻ ലഭിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 22.03.2013-ലെ മറുപടിക്ക്

## സാമൂഹ്യ സുരക്ഷാ പെന്‍ഷനുകള്‍

1616

### ശ്രീ. കെ. കുഞ്ഞിരാമന്‍ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് ഇപ്പോള്‍ ഏതെല്ലാം സാമൂഹ്യസുരക്ഷാ പെന്‍ഷനുകളാണ് നല്‍കിവരുന്നത് ;

(ബി) ഓരോന്നിനും എത്ര തുക വീതമാണ് പെന്‍ഷനായി നല്‍കുന്നത് ;

(സി) ഇവയില്‍ ഓരോ പെന്‍ഷനും എത്ര തവണ വീതം കുടിശ്ശികയുണ്ട് ; വിശദാംശങ്ങള്‍ അറിയിക്കുമോ ;

(ഡി) കുടിശ്ശിക നല്‍കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശങ്ങള്‍ അറിയിക്കുമോ?

# കേരള നിയമസഭ
## 22.03.2013–ലെ മറുപടിക്ക്

<u>സാമൂഹ്യസുരക്ഷാ മിഷൻ നടപ്പിലാക്കുന്ന ക്ഷേമപദ്ധതികൾ</u>

1617 ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യസുരക്ഷാ മിഷൻ മുഖേന നടപ്പിലാക്കുന്ന വിവിധ ക്ഷേമപദ്ധതികൾ ഏതെല്ലാമെന്നു വിശദമാക്കുമോ;

(ബി) ഈ പദ്ധതികളിൽ നിന്നും ധനസഹായം നൽകുന്നതിനുള്ള മാനദണ്ഡം വ്യക്തമാക്കുമോ;

(സി) ഓരോ പദ്ധതിക്കും നീക്കിവെച്ചിട്ടുള്ള തുക എത്രയെന്നും, നാളിതുവരെ എത്ര തുക ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 22.03.2013-ലെ മറുപടിക്ക്

<u>സംരക്ഷണം ലഭിക്കാത്ത വയോധികർക്കുളള പെൻഷൻ പദ്ധതി</u>

1618 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആൺമക്കളുളളതും എന്നാൽ അവരുടെ സംരക്ഷണം ലഭിക്കാത്തതുമായ വയോധികർക്ക് പെൻഷൻ നൽകൽ പദ്ധതി എന്നാണ് ആരംഭിച്ചത് എന്നറിയിക്കാമോ;

(ബി) എന്ത് തുകയാണ് പെൻഷനായി നൽകുന്നത് എന്നറിയിക്കാമോ;

(സി) പെൻഷൻ വിതരണത്തിൽ കുടിശ്ശികയുണ്ടോ; എങ്കിൽ എന്നു മുതൽക്കാണ് കുടിശ്ശികയുളളത് എന്നറിയിക്കാമോ?

# കേരള നിയമസഭ
# 22.03.2013-ലെ മറുപടിക്ക്

<u>സാമൂഹ്യസുരക്ഷാ പെൻഷനുകൾ</u>

1619 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യത്തിന്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

സാമൂഹ്യസുരക്ഷാ പെൻഷനുകൾ ഗുണഭോക്താക്കൾക്ക് ബാങ്ക് അക്കൗണ്ടുകളിലൂടെ ഇലക്ട്രോണിക് സംവിധാനം മുഖാന്തിരം വിതരണം ചെയ്യുന്നതിനായി ഇൻഫർമേഷൻ കേരളാ മിഷന്റെ പ്രവർത്തനങ്ങൾക്കായി ഈ വർഷം വകയിരുത്തിയ 4 കോടി രൂപയിൽ എത്ര രൂപ ചെലവഴിച്ചു; ഏതെല്ലാം പ്രവർത്തനങ്ങൾക്കായാണ് ഈ തുക വിനിയോഗിച്ചതെന്നും വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 22.03.2013-ലെ മറുപടിക്ക്

<u>രോഗപരിചരണത്തിനു സഹായം നൽകുന്ന പദ്ധതി</u>

1620 ശ്രീ. പി. ബി. അബ്ദുൾ റസാക്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കിടപ്പിലായവരും മാരക രോഗത്തിന് അടിമപ്പെട്ട് ദീർഘകാല പരിചരണം ആവശ്യമായവരുമായ രോഗികളെ പരിപാലിക്കുന്ന അടുത്ത ബന്ധുക്കൾക്ക് സാമ്പത്തിക സഹായം നൽകുന്ന പദ്ധതി സാമൂഹ്യസുരക്ഷാ മിഷൻ നടപ്പിലാക്കുന്നുണ്ടോ;

(ബി) ഇതിന്റെ നിർവ്വഹണ രീതി എങ്ങനെയാണ്; നിർവ്വഹണ ചുമതല ആർക്കാണെന്ന് വ്യക്തമാക്കുമോ;

(സി) ഇത്തരം സഹായം ലഭിക്കേണ്ട ആളുകളെ കണ്ടെത്താൻ എന്തെങ്കിലും സർവ്വേ നടത്തിയിട്ടുണ്ടോ?

(ഡി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ അർഹരായവരെ കണ്ടെത്താൻ നടപടി സ്വീകരിക്കുമോ;

(ഇ) 2011-12, 2012-13 സാമ്പത്തിക വർഷം ഇതിനാൽ എത്ര രൂപ ചെലവഴിച്ചു എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 22.03.2013–ലെ മറുപടിക്ക്

<u>ആശ്രയ പദ്ധതി</u>

1621 ശ്രീ. ജോസഫ് വാഴക്കൻ
,, ഡൊമിനിക് പ്രസന്റേഷൻ
,, തേറമ്പിൽ രാമകൃഷ്ണൻ
,, കെ. ശിവദാസൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആശ്രയ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം, വിശദമാക്കുമോ;

(ബി) ഏതെല്ലാം ഏജൻസികളുടെ സഹകരണത്തോടെയാണ് ഈ പദ്ധതി നടപ്പാക്കുന്നത്;

(സി) സംസ്ഥാനത്തെ എത്ര ഗ്രാമങ്ങളിലാണ് ഈ പദ്ധതി നടപ്പാക്കുന്നത്, വിശദാംശങ്ങൾ എന്തെല്ലാം;

(ഡി) നടപ്പാക്കാത്ത പഞ്ചായത്തുകളിൽ കൂടി ഈ പദ്ധതി നടപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്, വിശദമാക്കുമോ?

# കേരള നിയമസഭ
## 22.03.2013-ലെ മറുപടിക്ക്

<u>വികലാംഗരെ സ്ഥിരപ്പെടുത്താൻ നടപടി</u>

1622 ശ്രീ. കെ. മുരളീധരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഏതൊക്കെ കാലയളവിൽ സർക്കാർ സർവ്വീസിൽ താൽക്കാലിക സേവനം അനുഷ്ഠിച്ച വികലാംഗരെയാണ് സ്ഥിരപ്പെടുത്തിയിട്ടുള്ളത്;

(ബി) ഏത് കാലയളയിൽ സേവനം അനുഷ്ഠിച്ചവരെയാണ് ഇനിയും സ്ഥിരപ്പെടുത്താൻ ഉദ്ദേശിക്കുന്നത്;

(സി) 1994-96 കാലയളവിൽ താൽക്കാലിക സേവനം അനുഷ്ഠിച്ച വികലാംഗരെ മാത്രം സ്ഥിരപ്പെടുത്താതിരിക്കുന്നത് വിവേചനമല്ലേ;

(ഡി) മുൻപറഞ്ഞ കാലയളിൽ ജോലി ചെയ്തവരെക്കൂടി സ്ഥിരപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 22.03.2013–ലെ മറുപടിക്ക്

<u>വികലാംഗ ദുരിതാശ്വാസനിധി</u>

1623 ശ്രീ. മോൻസ് ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വികലാംഗ ദുരിതാശ്വാസ നിധിയിൽ നിന്നും സഹായം നൽകുന്നതിന്റെ വിശദാംശങ്ങൾ എന്തെല്ലാമാണ്;

(ബി) എത്ര രൂപയാണ് പരമാവധി ലഭ്യമാക്കുന്നത്; ആർക്കാണ് ഈ അപേക്ഷ കൊടുക്കേണ്ടത്;

(സി) വികലാംഗ ദുരിതാശ്വാസ നിധിയിലേയ്ക്ക് സഹായം ലഭ്യമാക്കുന്നതിന് പ്രത്യേക അപേക്ഷാഫോറം ഉണ്ടോ; എങ്കിൽ ആയതിന്റെ മാതൃക ലഭ്യമാക്കുമോ;

(ഡി) ഈ അപേക്ഷയോടൊപ്പം ചേർക്കേണ്ട രേഖകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; എത്ര ശതമാനം അംഗവൈകല്യം ഉള്ളവർക്കാണ് സഹായം നൽകുന്നത്?

# കേരള നിയമസഭ
## 22.03.2013-ലെ മറുപടിക്ക്

<u>വികലാംഗരുടെ പരാതികൾ</u>

1624 ശ്രീ. വി. റ്റി. ബൽറാം
,, അൻവർ സാദത്ത്
,, എ. റ്റി. ജോർജ്
,, ആർ. സെൽവരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വികലാംഗരുടെ പരാതികൾ പരിഹരിക്കാൻ അദാലത്തുകൾ നടത്താൻ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ, വിശദമാക്കുമോ;

(ബി) ഏതെല്ലാം ഏജൻസികളാണ് ഇതുമായി സഹകരിക്കുന്നത്, വിശദാംശങ്ങൾ എന്തെല്ലാം;

(സി) എന്തെല്ലാം പരിഹാരമാർഗ്ഗങ്ങളാണ് അദാലത്തുകളിൽകൂടി ഇവർക്ക് ലഭിക്കുന്നത്, വിശദമാക്കുമോ;

(ഡി) എവിടെയൊക്കെയാണ് അദാലത്തുകൾ നടത്താനുദ്ദേശിക്കുന്നത്, വിശദാംശങ്ങൾ എന്തെല്ലാമാണ്?

# കേരള നിയമസഭ
# 22.03.2013-ലെ മറുപടിക്ക്

<u>അനാഥാലയങ്ങളുടെ നടത്തിപ്പ്</u>

1625 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആകെ എത്ര അനാഥാലയങ്ങൾ ഉണ്ട് എന്ന് കണക്കാക്കിയിട്ടുണ്ടോ എന്നറിയിക്കാമോ ;

(ബി) ഇതിൽ അധികൃതവും അനധികൃതവും എത്രയെന്ന് അറിയിക്കാമോ ;

(സി) അനാഥാലയങ്ങളുടെ നടത്തിപ്പിനെക്കുറിച്ചും വരുമാനത്തെക്കുറിച്ചും എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ ;

(ഡി) ഇല്ലെങ്കിൽ അനധികൃതവും വൃത്തിഹീനവും മനഷ്യത്വരഹിതവുമായി പ്രവർത്തിക്കുന്ന അനാഥാലയങ്ങൾക്കെതിരെ അന്വേഷിച്ച് നടപടികൾ സ്വീകരിക്കുമോ :

(ഇ) ഇവയുടെ വരുമാനത്തെയും ചെലവിനെയും കുറിച്ച് അന്വേഷിക്കുന്നതിന് സംവിധാനമുണ്ടോ ; ഇല്ലെങ്കിൽ അതിന് സംവിധാനമുണ്ടാക്കുമോ ?

# കേരള നിയമസഭ
# 22.03.2013-ലെ മറുപടിക്ക്

## അനാഥകേന്ദ്രങ്ങളുടെ പ്രവർത്തന നിലവാരം

1626 ശ്രീ. പി. എ. മാധവൻ
,, എ. പി. അബ്ദുള്ളക്കുട്ടി
,, ഐ. സി. ബാലകൃഷ്ണൻ
,, ആർ. സെൽവരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അനാഥകേന്ദ്രങ്ങളുടെയും ക്ഷേമസ്ഥാപനങ്ങളുടെയും പ്രവർത്തന നിലവാരം മെച്ചപ്പെടുത്തുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് ചെയ്യാനുദ്ദേശിക്കുന്നത് ; വിശദമാക്കുമോ ;

(ബി) ഇതിനായി പ്രത്യേക സമിതിയെ നിയോഗിക്കുന്ന കാര്യം പരിഗണനയിലുണ്ടോ ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) എന്തെല്ലാം ചുമതലകളാണ് സമിതിക്ക് നൽകാനുദ്ദേശിക്കുന്നത് ; വിശദമാക്കുമോ ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ; വിശദാംശങ്ങൾ എന്തെല്ലാമാണ് ?

# കേരള നിയമസഭ
## 22.03.2013-ലെ മറുപടിക്ക്

ഓർഫനേജ് കൺട്രോൾ ബോർഡിന്റെ പ്രവർത്തനം

1627 ശ്രീ. പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഓർഫനേജ് കൺട്രോൾ ബോർഡിന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ ;

(ബി) ബോർഡിൽ സേവനമനുഷ്ഠിക്കുന്ന തെരഞ്ഞെടുക്കപ്പെട്ടവരും നോമിനേറ്റ് ചെയ്യപ്പെട്ടവരുമായ അംഗങ്ങൾക്ക് സ്ഥാപനങ്ങളിൽ പരിശോധനയ്ക്ക് പോകുന്നതിനോ യോഗത്തിൽ പങ്കെടുക്കുന്നതിനോ ടി. എ. നൽകിയിട്ടില്ലെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) മെമ്പർമാർക്ക് ഫലപ്രദമായി പ്രവർത്തിക്കാൻ പ്രത്യേക ബഡ്ജറ്റ് വിഹിതം നൽകുന്നതിന് തയ്യാറാകുമോ ?

# കേരള നിയമസഭ
## 22.03.2013-ലെ മറുപടിക്ക്

നാടോടി സ്ത്രീകൾക്കും കുഞ്ഞുങ്ങൾക്കും സംരക്ഷണം

1628 ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യത്തിന്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

സുരക്ഷിതമല്ലാത്ത ചുറ്റുപാടുകളിൽ കഴിയുന്ന നാടോടി സ്ത്രീകൾക്കും കുഞ്ഞുങ്ങൾക്കും സംരക്ഷണം ഏർപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുക എന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 22.03.2013-ലെ മറുപടിക്ക്

<u>പുറമ്പോക്കിൽ താമസിക്കുന്നവരെ പുനരധിവസിപ്പിക്കാനുള്ള പദ്ധതി</u>

1629 ശ്രീ. എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റോഡ് പുറമ്പോക്കിൽ താമസിക്കുന്നവരെ പുനരധിവസിപ്പിക്കാനുള്ള പദ്ധതികൾ സർക്കാരിന്റെ പരിഗണനയിലുണ്ടോ; വിശദാംശം നൽകുമോ ;

(ബി) ആദ്യഘട്ടത്തിൽ ഏതൊക്കെ ജില്ലകളിലാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത് എന്നതു സംബന്ധിച്ച വിശദാംശം നൽകുമോ ?

# കേരള നിയമസഭ
## 22.03.2013-ലെ മറുപടിക്ക്

<u>തോട്ടംമേഖലയിലെ തൊഴിലാളികൾ നേരിടുന്ന പ്രശ്നങ്ങൾ</u>

1630 ശ്രീ. എസ്. രാജേന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തോട്ടംമേഖലയിൽ ജോലിചെയ്യുന്ന തൊഴിലാളികളുടെ ജീവിതാവസ്ഥ മെച്ചപ്പെടുത്തുന്നതിനായി സാമൂഹ്യക്ഷേമവകുപ്പ് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചത്; വിശദാംശം നൽകാമോ;

(ബി) തൊഴിലാളികളുടെ കുഞ്ഞുങ്ങൾക്ക് പോഷകാഹാരവും പ്രതിരോധ കുത്തിവെയ്പ്പും മറ്റും യഥാസമയം ലഭിക്കുന്നു എന്ന് ഉറപ്പ് വരുത്തിയിട്ടുണ്ടോ;

(സി) തോട്ടം മേഖലയിൽ കൂടുതലായി അംഗൻവാടികൾ അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ?

# കേരള നിയമസഭ
## 22.03.2013-ലെ മറുപടിക്ക്

**<u>അന്യസംസ്ഥാനത്തൊഴിലാളികളിൽ നിന്നും തൊഴിൽ നികുതി പിരിച്ചെടുക്കാൻ നടപടി</u>**

1631

ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പണിയെടുക്കുന്ന അന്യസംസ്ഥാനത്തൊഴിലാളികളിൽ നിന്നും തൊഴിൽ നികുതി പിരിച്ചെടുക്കുന്നതിന് പഞ്ചായത്തുകൾ കുറ്റമറ്റ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ ;

(ബി) 2012 -13 ലേക്ക് ഈ ഇനത്തിൽ എത്ര തുക പിരിച്ചെടുക്കാനായിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 22.03.2013–ലെ മറുപടിക്ക്

രാജീവ് ഗാന്ധി സ്കീം ഫോർ അഡോളസെന്റ് ഗേൾസ് പദ്ധതി

1632 ശ്രീ. എം. വി. ശ്രേയാംസ്കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതെല്ലാം ജില്ലകളിലാണ് രാജീവ് ഗാന്ധി സ്കീം ഫോർ അഡോളസെന്റ് ഗേൾസ് (ടഅആഘഅ) പദ്ധതി നടപ്പാക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ ;

(സി) സംസ്ഥാനത്തെ പിന്നോക്ക ജില്ലയായ വയനാടിനെ പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 22.03.2013-ലെ മറുപടിക്ക്

<u>ബാല വേല നിയന്ത്രിക്കുന്നതിന് നടപടി</u>

1633 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ ബാലവേല വ്യാപകമായിട്ടുള്ള വിവരം വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഏറ്റവും കൂടുതൽ ബാലവേലക്കാർ ഉള്ള കാസർഗോഡ് ടൗണിലെയും പരിസര പ്രദേശത്തെയും വീടുകൾ പരിശോധിച്ച് ബാലവേല ചെയ്യുന്നവരെ കണ്ടെത്താൻ എന്തെങ്കിലും തടസ്സമുണ്ടോ;

(സി) എങ്കിൽ ഇക്കാര്യത്തിൽ നിയമനടപടികൾ സ്വീകരിക്കാൻ വൈകുന്നതെന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 22.03.2013–ലെ മറുപടിക്ക്

<u>സാക്ഷരതാ മിഷൻ പ്രേരക്മാരുടെ പ്രശ്നങ്ങൾ</u>

1634

ശ്രീ. സി. പി. മുഹമ്മദ്
,, എ. പി. അബ്ദുള്ളക്കുട്ടി
,, ആർ. സെൽവരാജ്
,, ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗ്രാമപഞ്ചായത്തുകളിൽ പ്രവർത്തിച്ചുവരുന്ന സാക്ഷരതാ മിഷന്റെ കേന്ദ്രങ്ങളിൽ തുടർവിദ്യാഭ്യാസ പ്രവർത്തനങ്ങൾക്ക് നിയോഗിച്ചിട്ടുള്ള പ്രേരക്മാരെക്കൊണ്ട് തുടർവിദ്യാ കേന്ദ്രങ്ങൾ സ്ഥിരമായി അടപ്പിച്ച് പല പഞ്ചായത്തുദ്യോഗസ്ഥരും പഞ്ചായത്തിലെ ഓഫീസ് ജോലികൾക്ക് പ്രേരക്മാരുടെ സേവനം സ്ഥിരമായി ഉപയോഗപ്പെടുത്തുന്നതിനെക്കുറിച്ച ന്വേഷിക്കാമോ; വിശദമാക്കുമോ;

(ബി) ഇത് പരിഹരിക്കാൻ അടിയന്തിര നടപടി സ്വീകരിക്കുമോ;

(സി) പഞ്ചായത്തുകളിലെ ഓഫീസ് സേവനത്തിന് പോകാത്ത പ്രേരക്മാരുടെ ഓണറേറിയം ഉൾപ്പെടെയുള്ളവ തടഞ്ഞുവച്ച് സാക്ഷരതാ പ്രവർത്തന പ്രേരക്മാരെ ദ്രോഹിക്കുന്നവർക്കെതിരെ സർക്കാർ നടപടി സ്വീകരിക്കാമോ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്,
തിരുവനന്തപുരം,
2013 മാർച്ച് 13.

പി. ഡി. ശാരംഗധരൻ,
സെക്രട്ടറി,

'T' ഇന്നത്തേക്ക് മാറ്റി വച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

<u>**പ്രത്യേക ശ്രദ്ധയ്ക്ക്**</u>: നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിന്റെ തലേ ദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി നിയമസഭാ സെക്രട്ടേറിയറ്റിൽ ലഭ്യമാക്കേണ്ടതാണ്. [ചട്ടം 47(1)].